പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 209 05.02.2018 ലെ മറുപടിക്ക്

## കയർഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ മുഹമ്മദ് മുഹസിൻ പി. | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവർത്തികളിൽ കൃഷി, മണ്ണ് ജല സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ജിയോടെക്സ്റ്റൈയിൽസ് ഉപയോഗപ്പെടുത്തി വരുന്നു. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തരമായി വിനിയോഗിക്കുന്നതിനു ഈ നടപടി വഴി സാധിക്കുന്നതാണ്. കയർ കേരള 2017 ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം ഇത്തരത്തിൽ വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്; | ബി) നദീതടങ്ങൾ, കുളങ്ങൾ, തോടുകൾ, ജലപാതകൾ, റോഡുകൾ എന്നിവയുടെ ചരിവ് തലങ്ങളിലാണ് കയർ ഭൂവസ്ത്രങ്ങൾ വിരിക്കുന്നത്. തീരപ്രദേശങ്ങളിൽ കയർ സീ ബാഗുകൾ തീര സംരക്ഷണത്തിനായി ഉപയോഗിക്കുന്നു.<br>കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുവാൻ പദ്ധതി തയാറാക്കിയിട്ടുണ്ട്. |
| സി) വേറെ ഏതൊക്കെ മേഖലകളിലാണ് കയർ ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) റോഡുകൾ, ചരിഞ്ഞ കൃഷിയിടങ്ങൾ, വെള്ളപ്പൊക്കഭീഷണിയുള്ള പ്രദേശങ്ങൾ, മണ്ണൊലിപ്പുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലും ഭൂവസ്ത്രം ഉപയോഗിക്കുന്നത് ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ